അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ
കേരള സാമൂഹ്യനീതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടത്തിയ

പദ്ധതി പ്രവർത്തന റിപ്പോർട്ട്
2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ

അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ

കുതിരവട്ടം.പി.ഒ

കോഴിക്കോട് - 673 016

ആമുഖം

1993 ൽ രൂപം കൊ അന്വേഷി 28 വർഷത്തോളമായി കോഴിക്കോട് കേന്ദ്രീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും വേ ി പ്രവർത്തിച്ചു വരുന്ന കേരളത്തിലെ തന്നെ ഏറ്റവും വലിയ സ്ത്രീ സംഘടനയാണ്. കുടുംബത്തിനകത്തും, തൊഴിൽ സ്ഥലത്തും, പൊതു ഇടങ്ങളിലും സ്ത്രീകൾ അനുഭവിക്കുന്ന വിവേചനങ്ങളേയും പീഡനങ്ങളേയും ആത്മ ധൈര്യത്തോടെ അഭിമുഖീകരിക്കാൻ സ്ത്രീകളെ സജ്ജരും പ്രാപ്തരുമാക്കുകയാണ് അന്വേഷിയുടെ പ്രധാന ലക്ഷ്യം.

കേരളാ സോഷ്യൽ വെൽഫെയർ ബോർഡിനു കീഴിൽ ഗാർഹീകാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമപ്രകാരം അന്വേഷി സർവ്വീസ് പ്രൊവൈഡറായി 2008 മുതൽ പ്രവർത്തിച്ചുവരുന്നു. കേരള വനിതാ കമ്മീഷന്റെ 'A' grade' പദവിയും അന്വേഷിക്കു ്. 2016 വർഷത്തിൽ കേരളാ സാമൂഹ്യനീതി വകുപ്പിന്റെ അക്രിഡിറ്റേഷൻ പദവിയും അന്വേഷിക്ക് ലഭിച്ചിട്ടു ്.

പ്രധാന പ്രവർത്തനങ്ങൾ

കൗൺസെലിങ്ങ്

കമ്മ്യൂണിറ്റി വർക്ക്

ലീഗൽ എയ്ഡ് സെൽ

ഷോർട്ട് സ്റ്റേ ഹോം

ഹെൽത്ത് പ്രോഗ്രാം

അഡോളസെന്റ് പ്രോജക്ട്

അതിക്രമരഹിത പഞ്ചായത്തുകൾ

നിർഭയ ഹോം

ലൈബ്രറി & ഡോക്യുമെന്റേഷൻ സെന്റർ

സംഘടിത മാഗസിൻ

കൗൺസെലിങ്ങ്

പരാതിയുമായി വരുന്ന സ്ത്രീകൾക്ക് മാനസികപിന്തുണ നല്കുന്നതോടൊപ്പം എതിർകക്ഷികളുമായി സംസാരിച്ച് പ്രശ്നം പരിഹരിക്കുന്നു. പലതരത്തിലുള്ള പ്രശ്നങ്ങളുമായാണ് സ്ത്രീകൾ അന്വേഷിയിലെത്തുന്നത്. അവർക്ക് വൈകാരിക പിന്തുണ നല്കുന്നതോടൊപ്പം ശരിയായ രീതിയിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നല്കുന്നു. വരുന്ന പരാതികളിൽ കൂടുതലും കുടുംബപ്രശ്നങ്ങളാണ്. പരാതിയുമായി വരുന്ന സ്ത്രീകളിൽനിന്ന് പരാതി സ്വീകരിച്ച് എതിർകക്ഷിയുടെ വീട്ടിൽ പോകുകയും കാര്യങ്ങൾ അന്വേഷിച്ച് അവരോട് നേരിട്ട് അന്വഷിയിലെത്താൻ പറയുകയും ചെയ്യും. തുടർന്ന് കൗൺസെലിങ്ങിലൂടെ പ്രശ്നം പരിഹരിക്കുന്നു. എല്ലാ പരാതിയിലും മൂന്നോ നാലോ തവണ കൗൺസെലിങ്ങ് ആവശ്യമായി വരും. കൗൺസെലിങ്ങിലൂടെ പരിഹരിക്കാൻ പറ്റാത്ത പരാതികൾ നിയമസഹായം ആവശ്യമെങ്കിൽ നിയമ സഹായ സെല്ലിലേക്ക് അയക്കുന്നു. മാനസികരോഗം, മാനസികപ്രശ്നങ്ങൾ, ലഹരി അടിമത്തം തുടങ്ങിയ ചികിത്സ ആവശ്യമുള്ള കേസുകൾ അതാതു ചികിത്സാകേന്ദ്രങ്ങളിലേക്ക് അയക്കും.

മെഡിക്കൽ കോളേജ്, പ്രൊട്ടക്ഷൻ ഓഫീസ്, ഭൂമിക സെന്റർ, പഞ്ചായത്തുകൾ, പോലീസ് സ്റ്റേഷൻ, വനിതാ സെൽ, കുടുംബകോടതി തുടങ്ങിയ വിവിധ സ്ഥാപനങ്ങളിൽനിന്നും അന്വേഷിയിലേക്ക് കേസുകൾ അയക്കാറുണ്ട്.

മാർച്ചിൽ കോവിഡ്- 19 വ്യാപനത്തോടെ വന്ന ലോക്ക് ഡൗണിൽ 1-4-2020 മുതൽ 10-5-2020 വരെ ഓഫീസ് തുറന്നു പ്രവർത്തിച്ചില്ല. ഷോർട്ട് സ്റ്റേ ഹോം മാത്രം ഏപ്രിൽ 1 മുതൽ ജൂൺ 15 വരെ പ്രവർത്തിച്ചു. എന്നാൽ അതിക്രമങ്ങൾ നേരിട്ട സ്ത്രീകൾക്ക് ടെലഫോണിക് കൗൺസെലിങ്ങ് മുഖേന പ്രശ്നപരിഹാരം ചെയ്തുകൊടുത്തു.

ലോക്ക് ഡൗൺ കാലയളവായ 2020 ഏപ്രിൽ 1 മുതൽ മെയ് 15 വരെ 9 കേസുകൾക്ക് ഫോൺ വഴി കൗൺസെലിങ്ങ് നല്കി. ഇതിൽ 8 പ്രശ്നങ്ങളിൽ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

2020, ഏപ്രിൽ 1 മുതൽ 2021, മാർച്ച് 31 വരെയുള്ള കാലയളവിൽ താഴെ പറയുന്ന പ്രകാരമാണ് അന്വേഷിയിൽ പരാതികൾ എത്തിയതും അവ കൈകാര്യം ചെയ്തതും.

കോളം– 1

മാസം	പുതിയ കേസുകൾ	കൺസൾട്ടേഷൻ	ഫോളോ അപ്	സെറ്റിൽഡ്
ഏപ്രിൽ	7	---	---	6
മെയ്	7	---	---	5
ജൂൺ	8	---	---	7
ജൂലൈ	7	---	---	5
ആഗസ്റ്റ്	8	---	---	7
സെപ്തംബർ	9	---	---	5
ഒക്ടോബർ	9	4	17	4
നവംബർ	8	3	10	3
ഡിസംബർ	12	6	18	5
ജനുവരി	12	3	21	4
ഫെബ്രുവരി	25	6	16	5
മാർച്ച്	20	4	14	7
ആകെ	**132**	**26**	**96**	**63**

കോളം 2

2020, ഏപ്രിൽ 1 മുതൽ 2021, മാർച്ച് 31 വരെയുള്ള കാലയളവിൽ താഴെ പറയുന്ന തരത്തിലുള്ള പരാതികളാണ് അന്വേഷിയിൽ എത്തിയത്.

മാസം	കുടുംബ പ്രശ്നം	സ്വത്ത് തർക്കം	ലൈംഗിക ചൂഷണം	മറ്റുള്ളവ
ഏപ്രിൽ	3	---	1	3
മെയ്	5	---	--	2
ജൂൺ	5	1	--	2
ജൂലൈ	4	1	--	2
ആഗസ്റ്റ്	5	--	--	3
സെപ്തംബർ	7	1	--	1
ഒക്ടോബർ	9	--	--	--

നവംബർ	7	1	--	--
ഡിസംബർ	8	1	2	1
ജനുവരി	8	1	1	2
ഫെബ്രുവരി	16	--	2	7
മാർച്ച്	16	2	1	1
ആകെ	**93**	**8**	**7**	**24**

ഈ കാലയളവിൽ അന്വേഷിയിലെത്തിയ ചില പ്രധാനപ്പെട്ട കേസുകൾ താഴെ വിവരിക്കുന്നു.

കേസ് - 1

പരാതിക്കാരി തന്റെ ഭർത്താവുമായുള്ള പ്രശ്നവുമായാണ് അന്വേഷിയിലെത്തിയത്. അവരുടെ വിവാഹം കഴിഞ്ഞിട്ട് 15 വർഷമായി. ഇവർക്ക് രണ്ടുപെൺകുട്ടികൾ ഉണ്ട്. വിവിഹം നിശ്ചയം കഴിഞ്ഞതുമുതൽ ഇരുവരും തമ്മിൽ പ്രശ്നങ്ങളാണ്. വർഷങ്ങളായി പരാതിക്കാരി സഹിച്ചും പൊറുത്തും ജീവിക്കുകയാണ്. ഭർത്താവിന് സംശയരോഗമാണ്. ഭർത്താവ് മദ്യപാനിയും കൂടാതെ ഹാൻസ് പോലുള്ള ലഹരി പദാർത്ഥങ്ങളും ഉപയോഗിക്കുന്ന വ്യക്തിയാണ്. മോശമായ വാക്കുകൾ ഉപയോഗിച്ചുള്ള സംസാരവും പരാതിക്കാരിക്ക് പരപുരുഷബന്ധവും ഉണ്ട് പറയുകയും ചെയ്യുമായിരുന്നു. പരാതിക്കാരി ഏതൊരു പുരുഷനോട് സംസാരിച്ചാലും ഭർത്താവ് ഇവർ തമ്മിൽ ബന്ധമുണ്ട് ആക്ഷേപിക്കും. തർക്കം ഉണ്ടാകുമ്പോൾ ഇയാൾ ഉപദ്രവിക്കുകയും ചെയ്യും. കൂടാതെ പരാതിക്കാരി ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ചെന്ന് പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്യും. ഇങ്ങനെയൊരു സാഹചര്യത്തിൽ പരാതിക്കാരി സ്വന്തം വീട്ടിലേക്ക് പോകുകയും അന്വേഷിയെ സമീപിക്കുകയുമുണ്ടായി. അന്വേഷി പ്രവർത്തകർ എതൃകക്ഷിയുടെ വീട്ടിൽ പോകുകയും ഇയാളോട് ഓഫീസിൽ ഹാജരാകവാൻ പറയുകയും ചെയ്തു. എതൃകക്ഷി ഓഫീസിൽ വരുകയും കൗൺസിലറുമായി സംസാരിക്കുകയും ചെയ്തു. പരാതിക്കാരിയെ കൂടി വിളിപ്പിച്ച് രണ്ടുപേർക്കും കൗൺസെലിങ്ങ് നടത്തി. കൂടാതെ എതൃകക്ഷിക്ക് ഒറ്റക്കും കൗൺസെലിങ്ങ് നടത്തി. ഇയാളെ കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് അയച്ചു. ഇവിടെ വെച്ച് മദ്യപാനം നിർത്താനുള്ള ചികിത്സയും ഒപ്പം തന്നെ സംശയരോഗത്തിനുള്ള ചികിത്സയും കൗൺസെലിങ്ങും ലഭ്യമാക്കി. എതൃകക്ഷിക്ക് ചികിത്സ കിട്ടിയപ്പോൾ പ്രശ്നങ്ങൾ ഒരു പരിധിവരെ അവസാനിക്കുകയും പരാതിക്കാരി എതൃകക്ഷിയോടൊപ്പം പോകുവാൻ തയ്യാറാകുകയും ചെയ്തു. പരാതിക്കാരി ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ചെന്ന് പ്രശ്ന

ങ്ങളു ാക്കുകയില്ലെന്നും ഇനി മദ്യപിക്കില്ലെന്നും എതൃകക്ഷി പരാതിക്കാരിക്ക് ഉറപ്പു നല്കി. ഇപ്പോൾ പ്രശ്നങ്ങളില്ലാതെ ഇരുകൂട്ടരും ജീവിച്ചു വരുന്നു.

കേസ് - 2

22 വയസ്സുള്ള പരാതിക്കാരി തന്റെ സുഹൃത്തുമായുള്ള പ്രശ്നങ്ങളുമായാണ് അന്വേഷിയിലെത്തുന്നത്. പൊതുവെ പ്രസന്നവതിയും കാര്യങ്ങളെ ഗൗരവത്തോടു കൂടി കാണുകയും ചെയ്യുന്ന പരാതിക്കാരി വളരെ വിഷമത്തോടെയാണ് അന്വേഷി യിലെത്തുന്നതും കൗൺസിലറോട് സംസാരിക്കുന്നതും. ര ു വർഷത്തോളമായി പരാ തിക്കാരി സ്വന്തം വീട്ടിൽ നിന്നും മാറി താമസിക്കുന്നു. തന്റെ ജീവിതപങ്കാളിയോടൊ പ്പമാണ് താമസം. ഇയാൾ കോഴിക്കോടുള്ള ഒരു പ്രമുഖ എ.ടി. കമ്പനിയിൽ ജോലി ചെയ്യുകയാണ്. എതൃകക്ഷി ര ുപേരുടെയും സുഹൃത്താണ്. ഇയാൾ ഇവർക്കൊപ്പം യാത്രകൾ പോകാറു ്, ഒരുമിച്ചു താമസിക്കാറുമു ്. ഇടക്കെപ്പോഴോ പരാതിക്കാരിയും എതൃകക്ഷിയും തമ്മിലൊരടുപ്പം ഉ ാവുകയും പിന്നീടത് സംസാരിച്ച് ഒഴിവാക്കി യതുമാണ്. അടുത്തിടെ ഇവർ മൂന്നു പേരും ചേർന്നൊരു യാത്ര പോവുകയും ഒരുമിച്ച് താമസിക്കേ ി വരികയുമു ായി. ഈ സന്ദർഭത്തിൽ എതൃകക്ഷി പരാതിക്കാരിയെ അവരുടെ ജീവിത പങ്കാളിയുടെ സാന്നിധ്യത്തിൽ വെച്ച് എതൃകക്ഷിയുമായി ലൈംഗികബന്ധത്തിന് നിർബന്ധിക്കുകയു ായി. പരാതിക്കാരിയുടെ ജീവിത പങ്കാളി ഇതിനെ ചോദ്യം ചെയ്തപ്പോൾ എതൃകക്ഷി ഇയാളെ മർദ്ദിക്കുയും ചെയ്തു.

ഈ വിഷയം എതൃകക്ഷി ര ു കൂട്ടരുടെയും സുഹൃത്തുക്കളോടും മറ്റും പറയുകയും ഇത് പരാതിക്കാരിയെ വളരെ മോശമായ രീതിയിൽ സ്വാധീനിക്കുകയും ചെയ്തു. പരാ തിക്കാരിയോട് സുഹൃത്തുക്കളും മറ്റും ഈ വിഷയത്തെക്കുറിച്ച് ചോദിക്കുകയും മാനസികമായി തളർത്തുകയും ചെയ്തു. കൂടാതെ എതൃകക്ഷി അവരുടെ സുഹൃത് വലയത്തിലുള്ളവരോട് പരാതിക്കാരിയെ പറ്റി മോശമായി പറയുകയും അപകീർത്തി പ്പെടുത്തുകയും ചെയ്തു. ആകെ സമ്മർദ്ദത്തിലായ പരാതിക്കാരി ഇതെല്ലാം തിരുത്തു വാൻ വേ ി ഫേസ് ബുക്ക് ലൈവിൽ വന്ന് നടന്ന കാര്യങ്ങൾ പറയുകയു ായി. എന്നാൽ പ്രശ്നങ്ങൾ കൂടുതൽ വഷളാവുകയാണു ായത്. എതൃകക്ഷി തന്നെ അപ മാനിച്ചു എന്ന് പറഞ്ഞു. ഈയൊരു സാഹചര്യത്തിലാണ് പരാതിക്കാരി അന്വേഷിയെ സമീപിക്കുന്നത്.

എതൃകക്ഷിയെ ഓഫീസിലേക്ക് വിളിപ്പിച്ചു. അയാൾ ഓഫീസിലെത്തി കൗൺസിലറോട് സംസാരിച്ചു. മദ്യപിച്ചതിനാൽ സ്വബോധമില്ലാതെ പഴയ ഇഷ്ടത്തിന്റെ പേരിൽ സംഭവിച്ചതാണെന്നും പറഞ്ഞു. ര ുപേർക്കും പ്രശ്നങ്ങൾ രമ്യതയിൽ പരിഹരി ക്കുവാനാണ് താല്പര്യമെന്നും പറഞ്ഞതനുസരിച്ച് ഒരു ഒത്തുതീർപ്പ് എഗ്രിമെന്റ് എഴുതി

ഒപ്പിട്ടു. മേലിൽ സാമൂഹിക മാധ്യമങ്ങളിൽ വിഷയമു ാക്കില്ലെന്ന് ര ു പേരും സമ്മതിച്ചു. കൂടാതെ എതൃകക്ഷിയുടെ ഭാഗത്തു നിന്നും യാതൊരു പ്രശ്നവു മു ാകില്ലായെന്നും ഉറപ്പു നല്കി. പരാതിക്കാരിയോട് മാപ്പു പറയാനും അയാൾ തയ്യാറായി. പ്രശ്നങ്ങൾ രമ്യതയിൽ പരിഹരിച്ചു.

കേസ് – 3

ഭർത്താവിനെക്കുറിച്ചുള്ള ആശങ്കകളും വേവലാതികളുമായാണ് പരാതിക്കാരി അന്വേഷി യിലെത്തുന്നത്. ഇവരുടെ വിവാഹം കഴിഞ്ഞിട്ട് പത്ത് വർഷത്തോളമായി. ഇവർക്ക് 7 വയസ്സുള്ള ഒരു മകളുമു ്. വീട്ടുകാരുടെ സാന്നിധ്യത്തിൽ പരസ്പരം ക ് ഇഷ്ടപ്പെട്ട് നടന്ന വീവാഹമായിരുന്നു. എങ്കിലും എതൃകക്ഷിയുടെ വീട്ടിലെത്തിയ പരാതിക്കാരിക്ക് നേരിട്ടത് ദുരനുഭവങ്ങളായിരുന്നു. പരാതിക്കാരിയുടെ മാതാപിതാക്കൾ വേർപിരിഞ്ഞു ജീവിക്കുന്നവരായതിനാൽ എതൃകക്ഷിയുടെ മാതാപിതാക്കളോടും പരാതിക്കാരി അകലം പാലിച്ചു. പിന്നീട് ര ുപേരും വിദേശത്തു പോയി. 5 വർഷത്തോളം അവിടെ താമസിച്ചു. വിവാഹജീവിതത്തിന്റ തുടക്കം മുതൽ പ്രശ്നങ്ങളായതിനാൽ ഇരുവർ ക്കുമിടയിൽ ഒരു അകൽച്ച വരുകയും അത് അവരുടെ ദാമ്പാത്യത്തെ സാരമായി ബാധിക്കുകയും ചെയ്തു. നാട്ടിൽ തിരിച്ചെത്തിയതിനുശേഷം എതൃകക്ഷി കുറച്ചു കൂട്ടുകെട്ടിൽ പെടുകയും അത് അയാളുടെ സ്വഭാവത്തെ വല്ലാതെ മാറ്റി എന്നുമാണ് പരാതിക്കാരി പറയുന്നത്. ഇരുവർക്കും മാതാപിതാക്കളുമായി വലിയ അടുപ്പമില്ലാത്ത തിനാൽ ജീവിതം ആകെ പ്രശ്നത്തിലായെന്നും പറഞ്ഞാണ് പരാതിക്കാരി അന്വേഷി യിലെത്തുന്നത്.

എതൃകക്ഷിയെ വിളിപ്പിച്ച് സംസാരിച്ചപ്പോൾ പരാതിക്കാരിക്ക് Obssessive compulsive disorder ഉെ ന്നും അവർക്ക് അതിനെക്കുറിച്ച് അറിവുള്ളതാണെന്നും പറഞ്ഞു. എതൃകക്ഷി മാസത്തിൽ ര ു ദിവസമാണ് സുഹൃത്തുക്കൾക്കൊപ്പം പോകാറു ള്ളതെന്നും ബാക്കി ദിവസങ്ങളിൽ ജോലിക്ക് പോകാറുെ ന്നും പറഞ്ഞു. പരാതി ക്കാരിയുടെ മാനസിക നില stable അല്ലാത്തതുകൊ ് ചെറിയ കാര്യങ്ങൾ പോലും വഴക്കിലാണ് അവസാനിക്കുന്നതെന്നും എതൃകക്ഷി മദ്യപിക്കാറില്ലെന്നും ആകെയുള്ള സുഹൃത്തുക്കളെ ഒഴിവാക്കുവാൻ തയ്യാറല്ലെന്നും പറഞ്ഞു. ര ു പേരെയും കൗൺ സെലിങ്ങ് നടത്തി. പരാതിക്കാരിയെ കൗൺസെലിങ്ങിനുവേ ു ഇംഹാൻസിലേക്ക് റഫർ ചെയ്തു. ഫാമിലി കൗൺസെലിങ്ങ് നല്കി. പരാതിക്കാരിക്ക് ഇഷ്ടമില്ലാത്ത കൂട്ടുകെട്ടിൽ നിന്നും മാറി നിൽക്കുവാൻ എതൃകക്ഷി തയ്യാറായി. പരാതിക്കാരിയുടെ മാനസിക നില മെച്ചപ്പെടുകയും ഇപ്പോൾ ഇരുവരും ഒരുമിച്ച് മകൾക്കൊപ്പം സന്തോഷമായി ജീവിക്കുന്നു.

കേസ് - 4

തന്റെ മകളെ കാണാനില്ലെന്ന പരാതിയുമായാണ് 48 വയസ്സുള്ള പരാതിക്കാരി അന്വേഷിയെ സമീപിക്കുന്നത്. ഇവർ ഇവരുടെ മകൾക്ക് ഒരു മാസമുള്ളപ്പോൾ 17 വർഷം മുമ്പ് അന്വേഷി ഷോർട്ട്സ്റ്റേ ഹോമിൽ ര ് മാസത്തോളം താമസിച്ചിട്ടു ്. മകൾ ഇപ്പോൾ ഒരു പയ്യന്റെ കൂടെ ഒളിച്ചോടി പോയതായി പറഞ്ഞു. അവൾക്ക് പതിനെട്ട് വയസ് തികഞ്ഞിട്ടില്ലെന്നും തന്റെ മകളെ തനിക്ക് തിരികെ കൊ ുവരാനുള്ള മാർഗ്ഗങ്ങൾ എന്തെങ്കിലുമു ോ എന്നാണ് അവർ ആവശ്യപ്പെട്ടത്. അന്വേഷി പ്രവർത്തകർ മകൾ ഇടുക്കിയിലാണെന്ന് ക ത്തി. എതിർകക്ഷിയെ ഫോണിൽ സംസാരിച്ചു. കോഴിക്കോട് കസബ പോലീസ് ബന്ധപ്പെട്ട് തീർപ്പാക്കി എതിർകക്ഷി യുടെ കൂടെ പെൺകുട്ടിയെ അയച്ചതാണെന്ന് അയാൾ പറഞ്ഞു. കസബ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ പെൺകുട്ടിക്ക് എസ്.എസ്.എൽ.സി ബുക്കിൽ 18 വയസ്സ് തികഞ്ഞിട്ടു െന്നും, ജനനസർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ കോടതി മുഖാന്തിരം പെൺകുട്ടിയുടെ ഇഷ്ടപ്രകാരം വിട്ടയച്ചതാണെന്നും അറിവു കിട്ടി. പെൺകുട്ടിക്ക് എതിർകക്ഷിയോടൊപ്പം പോകാൻ പൂർണ്ണ സമ്മതമാണെന്ന് കോടതിയിൽ എഴുതി നല്കിയിരുന്നു. പരാതിക്കാരിക്ക് മകളോട് സംസാരിക്കുവാനുള്ള അവസരം ചെയ്തു കൊടുത്തു. പെൺകുട്ടിയുടെ ഇഷ്ടങ്ങൾക്കാണ് കോടതി ഇപ്പോൾ വില കൽപ്പിക്കുക എന്നും മറ്റും പരാതിക്കാരിയെ പറഞ്ഞു ബോധ്യപ്പെടുത്തി. പരാതി ക്കാരി മകളുടെ അഭിപ്രായങ്ങളെ ഉൾക്കൊള്ളുകയും ചെയ്തു. മകൾ എതിർകക്ഷി യോടൊപ്പം ജീവിക്കുന്നു.

കേസ് - 5

ഭർത്താവിന്റെ ഉപദ്രവം സഹിക്കാനാവുന്നില്ലെന്ന പരാതിയുമായാണ് 38 വയസ്സുള്ള പരാ തിക്കാരി അന്വേഷിയിലെത്തിയത്. ഇവരുടെ വിവാഹം 15 കൊല്ലം മുമ്പെ നടന്നതാണ്. പരാതിക്കാരി മുസ്സീം വിഭാഗത്തിൽ പെട്ടയാളും എതിർകക്ഷി ഹിന്ദുവിഭാഗത്തിൽ പെട്ടയാളുമാണ്. ഇരുവരും 5 കൊല്ലത്തെ പ്രേമബന്ധത്തിനൊടുവിൽ വിവാഹിതരാ വുകയായിരുന്നു. ഇവർക്ക് ഒരൺകുട്ടിയും ഒരു പെൺകുട്ടിയുമു ്. പരാതിക്കാരിയുടെ കുടുംബവും മാതാവും വിവാഹശേഷം പരാതിക്കാരിയോട് ബന്ധം പുലർത്താറില്ല. എതൃകക്ഷിയുടെ മാതാപിതാക്കൾ വേർപിരിഞ്ഞു ജീവിക്കുന്നവരാണ്. ആയതിനാൽ തന്നെ ഇരുവീട്ടുകാരുമായി ര ് പേർക്കും അടുത്ത ബന്ധങ്ങളൊന്നുമില്ല. ഇവരുടെ ദാമ്പാത്യത്തിലെ പ്രധാന പ്രശ്നം സാമ്പത്തിക ഞെരുക്കമായിരുന്നു. എതൃകക്ഷി ഒരു പൊതുപ്രവർത്തകനാണ്. ജോലിക്ക് പോകാൻ താല്പര്യമു ായിരുന്നില്ല. ഇടക്ക് ര ് കൊല്ലം ഇയാൾ ഗൾഫിൽ ജോലിക്ക് പോയിരുന്നു. ആ സമയത്ത് വീട്ടുചിലവിന് പണം

അയച്ചു കൊടുത്തിരുന്നു. പിന്നീട് കോവിഡ് ആയതിനാൽ നാട്ടിലേക്ക് തിരിച്ചു വന്നു. അയച്ചു കൊടുത്ത പണത്തെക്കുറിച്ച് ചോദിച്ച് വഴക്കു ാക്കുവാനും തുടങ്ങി. എതൃകക്ഷി ഗൾഫിലേക്ക് പോകുന്നതിനുമുമ്പ് എടുത്ത ലോണും കുടുംബശ്രീ വായ്പകളും പരാതിക്കാരി അടച്ചു തീർത്തിരുന്നു. ഇവർ താമസിച്ചിരുന്ന വാടകവീട്ടിലെ വാടക കൊടുക്കാൻ പരാതിക്കാരിക്ക് മറ്റുള്ളവരെ ആശ്രയിക്കേ ി വന്നു. എതൃകക്ഷി നാട്ടിലുള്ളവരോടു മുഴുവൻ കടം വാങ്ങുന്നതുകാരണം എല്ലാവരും പരാതിക്കാരിയോട് ചോദിച്ച് വരാനും തുടങ്ങി. പരാതിക്കാരി പി.എസ്.സി കോച്ചിങ്ങിന് പോകാൻ വേ ി ജോലി ഉപേക്ഷിച്ചതോടു കൂടി വീട്ടിലെ ചെലവുകൾ മുന്നോട്ട് നീങ്ങാതായി. എതൃകക്ഷി ജോലിക്ക് പോകാൻ തയ്യാറായതുമില്ല. കൂടാതെ എതൃകക്ഷി മദ്യപിച്ചു വരികയും പരാതിക്കാരിയെ ഉപദ്രവിക്കുകയും പതിവായി. ഒടുവിൽ വാടക കൊടുക്കാൻ എവിടെ നിന്നെങ്കിലും കാശ് സംഘടിപ്പിക്കാൻ പരാതിക്കാരിയോട് പറയുകയും അല്ലാത്തപക്ഷം ഇറങ്ങിപ്പോകുവാനും ആവശ്യപ്പെട്ടു. ഈ സാഹചര്യത്തിലാണ് പരാതി ക്കാരി മക്കളെയും കൂട്ടി അന്വേഷിയിലെത്തിയത്.

ഇവർക്ക് ഷോർട്ട് സ്റ്റേ ഹോമിൽ അഭയം നല്കി. എതൃകക്ഷിയെ ഓഫീസിലേക്ക് വിളിപ്പിച്ചു. എതൃകക്ഷിയോട് സംസാരിച്ചപ്പോൾ പരാതിക്കാരി ഏതു നേരവും പി.എസ. സി പുസ്തകവുമായി നടക്കുകയാണെന്നും എന്നിട്ടും ജോലി കിട്ടാത്തതിന്റെ നിരാശ തന്നോട് തീർക്കുകയാണെന്നും പറഞ്ഞു. കൂടാതെ പരാതിക്കാരി തന്നെയും ഉപദ്രവി ക്കാറു െന്നും പറഞ്ഞു. ര ു പേർക്കും കൗൺസെലിങ്ങ് നല്കുകയും പരാതി ക്കാരിയും മക്കളും ഒരു മാസത്തോളം ഷോർട്ട്സ്റ്റേ ഹോമിൽ തന്നെ താമസം തുടരു കയും ചെയ്തു. ഡീറ്റെയിൽഡ് കൗൺസെലിങ്ങിനായി ര ുപേരെയും ഇംഹാൻസ് ഹോസ്പിറ്റലിലേക്ക് അയച്ചു. അവിടെ നിന്നും എതൃകക്ഷി ഡി-അഡിക്ഷൻ ട്രീറ്റ് മെന്റിനു പോയി മദ്യപാനം നിർത്തുകയും ചെയ്തു. തുർന്ന് പരാതിക്കാരി എതൃ കക്ഷിയോടൊപ്പം പോകുകയും ഇപ്പോൾ ര ുപേരും മക്കളോടൊത്ത് സന്തോഷ ത്തോടെ ജീവിക്കുന്നു. എതൃകക്ഷി സ്ഥിരമായി ജോലിക്കു പോകുകയും ചെയ്യുന്നു.

കേസ് - 6

35 വയസ്സുള്ള പരാതിക്കാരി കണ്ണൂർ സ്വദേശിനിയാണ്. ഇവർ ചെറിയ മാനസിക പ്രശ്നങ്ങളു ്. ഇവരുടെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. ഏക സഹോദരൻ ഇവരുടെ സ്വത്തിന്റെ ഓഹരി നല്കാത്തതിനാൽ സഹോദരനെതിരെ കേസ് നല്കിയിട്ടു ്. അതിനാൽ മറ്റു ബന്ധുക്കളൊന്നും ഇവരോട് അടുപ്പമില്ല. പരാതിക്കാരി പലയിട ങ്ങളിലായി ഹോം നഴ്സിങ്ങ് ജോലി ചെയ്തുവരികയാണ്. ഇവർ ജോലി ചെയ്തിരുന്ന കെയർവെൽ എന്ന ഏജൻസിയിലെ മാനേജർ പരാതിക്കാരിയുടെ കയ്യിൽനിന്നും

20,000/- രൂപ ര ുമാസത്തിനുള്ളിൽ തിരിച്ചു നല്കാമെന്ന് പറഞ്ഞ് 2018 മാർച്ച് മാസത്തിൽ വാങ്ങിയിരുന്നു. ര ുവർഷമായിട്ടും പണം തിരിച്ചു നല്കാത്തതിനാൽ പരാതിക്കാരി നേരിട്ട് ചെന്ന് പണം ആവശ്യപ്പെട്ടു. പണം കൈവശമില്ലെന്നും 2020 നവംബറിൽ തിരിച്ചു നല്കാമെന്ന് ഒരു എഗ്രിമെന്റ് ഉ ാക്കുകയും ചെയ്തു. എന്നാൽ നവംബർ അവസാനം പരാതിക്കാരി നേരിട്ട് പണം ആവശ്യപ്പെട്ടപ്പോൾ എഗ്രിമെന്റ് കാലാവധി ആയില്ലെന്നും അതിനുമുമ്പേ ആവശ്യപ്പെട്ടതിനാൽ പണം നല്കില്ലെന്നും എതൃകക്ഷി തീർത്തു പറഞ്ഞു. ഈ സാഹചര്യത്തിലാണ് പരാതിക്കാരി അന്വേഷിയെ സമീപിക്കുന്നത്. അന്വേഷി പ്രവർത്തകർ നേരിട്ട് എതകക്ഷിയെ സമീപിക്കുകയും ഓഫീസിൽ ഹാജരാകുവാൻ പറയുകയും ചെയ്തു. എതകക്ഷി ഓഫീസിലെത്തി സംസാരിച്ചു ഒരു ഒത്തുതീർപ്പിന് അയാൾ തയ്യാറായി. ഡിസംബർ മാസം മുതൽ 5000/-രൂപ വീതം 4 തവണകളായി നല്കാമെന്ന് സമ്മതിക്കുകയും ആയത് പരാതി ക്കാരിയുടെ അക്കൗ ിൽ നിക്ഷേപിക്കാമെന്നും എഗ്രിമെന്റ് എഴുതി ധാരണയായി. അതുപ്രകാരം ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ എതൃകക്ഷി പണം അടവാക്കുകയും ചെയ്തു.

ക്ലയന്റ്സ് മീറ്റിങ്ങ്

അന്വേഷിയിൽ പരാതി നല്കി പ്രശ്നം പരിഹരിച്ച് പോയവരെയാണ് ഈ മീറ്റിങ്ങിൽ പങ്കെടുപ്പിക്കുന്നത്. തങ്ങളുടെ പ്രശ്നങ്ങൾ എന്തായിരുന്നുവെന്നും അത് എങ്ങനെ പരിഹ രിച്ചു എന്നും അവർ പരസ്പരം പങ്കു വെക്കുകയും ചെയ്യുന്നു. ഇതു മൂലം അവർക്ക് സ്വന്തം പ്രശ്നങ്ങളെ ലഘൂകരിച്ച് കാണാൻ കഴിയുകയും ആത്മവിശ്വാസത്തോടെ ജീവിതപ്രശ്നങ്ങളെ നേരിടാൻ കഴിയുകയും ചെയ്യുന്നു. 2020, ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ 2 മീറ്റിങ്ങുകൾ നടത്തി.

കമ്മ്യൂണിറ്റി വർക്ക്

അന്വേഷിയിൽ വരുന്ന പരാതികളിൽ ഇരുവിഭാഗക്കാരുടെയും അടുത്തു പോയി അന്വേ ഷിക്കുകയും എതിർകക്ഷിയെ ഓഫീസിൽ എത്തിക്കുകയും ചെയ്യുന്നത് കമ്മ്യൂണിറ്റി വർക്കേഴ്സ് ആണ്. പരാതിക്കാരോടൊപ്പം കോടതിയിലും പോലീസ് സ്റ്റേഷനിലും മറ്റു ഗവൺമെന്റ് സ്ഥാപനങ്ങളിലും പരാതിക്കാരുടെ ആവശ്യമനുസരിച്ച് പോവുകയും, സെമി

നാറുകളും, വർക്ക്ഷോപ്പുകളും ബോധവത്ക്കരണ ക്ലാസ്സുകളും നിയമസാക്ഷരതാ ക്ലാസ്സുകളും സംഘടിപ്പിക്കുന്നതും കമ്മ്യൂണിറ്റി വർക്കിന്റെ ഭാഗമാണ്.

കോവിഡ്- 19 മൂലം മെയ് 15 വരെ ലോക്ഡൗൺ ആയതിനാൽ ഓഫീസ് തുറന്നു പ്രവർത്തിച്ചിരുന്നില്ല. മെയ് 15 മുതൽ ഓഫീസ് പ്രവർത്തനം ഭാഗികമായി ആരംഭിച്ചെങ്കിലും ഫീൽഡ് വിസിറ്റുകൾ സാധ്യമായിരുന്നില്ല. ആഗസ്റ്റ് സെപ്തംബർ മാസങ്ങളിൽ സംസ്ഥാനത്തും, കോഴിക്കോട് ജില്ലയിലും കോവിഡ് കേസുകളുടെ എണ്ണം വർദ്ധിച്ചതിനാൽ ഫീൽഡ് വിസിറ്റ് നടത്താൻ കഴിഞ്ഞിട്ടില്ല. ഫോൺ മുഖേനയാണ് എതിർകക്ഷികളെ ബന്ധപ്പെട്ടു കൊ ിരിക്കുന്നത്. ഒക്ടോബർ മാസം മുതൽ ഫീൽഡ് വിസിറ്റുകൾ ആരംഭിച്ചു.

2020, ഏപ്രിൽ 1 മുതൽ 2021, മാർച്ച് 31 വരെയുള്ള കാലയളവിൽ താഴെ പറയുന്ന പ്രകാ രമാണ് ഫീൽഡ് വിസിറ്റ് നടത്തിയത്.

മാസം	**ഫീൽഡ് വിസിറ്റ്**	**പോലീസ് സ്റ്റേഷൻ**	**സംഘാടനം**
ഏപ്രിൽ	---	---	---
മെയ്	---	---	---
ജൂൺ	---	---	---
ജൂലൈ	---	---	---
ആഗസ്റ്റ്	---	---	---
സെപ്തംബർ	---	---	---
ഒക്ടോബർ	11	2	---
നവംബർ	10	1	---
ഡിസംബർ	14	2	---
ജനുവരി	16	2	---
ഫെബ്രുവരി	28	3	8
മാർച്ച്	21	2	11
ആകെ	**100**	**12**	**19**

ലീഗൽ എയ്ഡ് സെൽ

കൗൺസലിങ്ങിലൂടെ പരിഹരിക്കാൻ പറ്റാത്ത കേസുകളാണ് ലീഗൽ എയ്ഡ് സെല്ലിലേക്ക് റഫർ ചെയ്യുന്നത്. പലവിധത്തിലുള്ള നിയമസഹായങ്ങൾ പരാതിക്കാർക്ക് ലീഗൽ എയ്ഡ്സെൽ വഴി നല്കി വരുന്നു. ചില കേസുകളിൽ നിയമോപദേശം മാത്രം നല്കുക, ചില കേസുകളിൽ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുക, കൗൺസെലിങ്ങിലൂടെ ഒത്തുതീർപ്പായ കേസുകളിൽ എഗ്രിമെന്റ് എഴുതുക, വക്കീൽ നോട്ടീസയക്കുക, കോടതികളിൽ കേസുകൾ ഫയൽ ചെയ്യുക തുടങ്ങിയവയാണ് ലീഗൽ എയ്ഡ് സെല്ലിന്റെ പ്രവർത്തനങ്ങൾ.

2020, ഏപ്രിൽ 1 മുതൽ 2021, മാർച്ച് വരെയുള്ള കാലയളവിൽ 43 കേസുകൾക്ക് ലീഗൽ എയ്ഡ് സെൽ വഴി നിയമ സഹായം നല്കിയിട്ടു ്.

കോളം – 1

മാസം	**കേസുകളുടെ എണ്ണം**
ഏപ്രിൽ	--
മെയ്	--
ജൂൺ	03
ജൂലൈ	03
ആഗസ്റ്റ്	--
സെപ്തംബർ	01
ഒക്ടോബർ	01
നവംബർ	05
ഡിസംബർ	09
ജനുവരി	04
ഫെബ്രുവരി	08
മാർച്ച്	09
ആകെ	**43**

2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ 43 കേസുകളിൽ നല്കിയ നിയമ സഹായ രീതി.

കോളം – 2

മാസം	പോലീസ് പരാതി	എഗ്രിമെന്റ്	കേസ് ഫയലിങ്ങ്	അഫിഡ വിറ്റ്	വിധി	തീർപ്പാക്കിയത്	**ആകെ**
ഏപ്രിൽ	---	--	---	---	---	---	---
മെയ്	---	--	---	---	---	---	---
ജൂൺ	---	---	03	---	---	--	**03**
ജൂലൈ	---	---	03	---	---	--	**03**
ആഗസ്റ്റ്	---	--	---	---	---	---	---
സെപ്തംബർ	---	---	01	---	---	--	**01**
ഒക്ടോബർ	--	--	01	--	--	---	**01**
നവംബർ	01	01	03	---	---	--	**05**
ഡിസംബർ	---	---	09	---	---	--	**09**
ജനുവരി	--	--	01	01	--	02	**04**
ഫെബ്രുവരി	--	--	04	01	01	02	**08**
മാർച്ച്	--	--	05	01	01	02	**09**
ആകെ	**01**	**01**	**30**	**03**	**02**	**06**	**43**

നിയമ സാക്ഷരതാ ക്ലാസ്സുകൾ

സ്ത്രീകൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും അവബോധം നല്കുന്നതിന് ഗ്രാമങ്ങളിലും നഗരങ്ങളിലും അംഗനവാടികൾ, റസിഡൻസ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് ക്ലാസ്സുകൾ നടത്തുന്നു.

കോവിഡ്- 19 മൂലം മെയ് 15 വരെ ലോക്ഡൗൺ ആയതിനാൽ ഓഫീസ് തുറന്നു പ്രവർത്തിച്ചിരുന്നില്ല. മെയ് 15 മുതൽ ഓഫീസ് പ്രവർത്തനം ഭാഗികമായി ആരംഭിച്ചെങ്കിലും ക്ലാസ്സുകൾ എടുക്കാൻ കഴിഞ്ഞിട്ടില്ല. തുടർന്നുള്ള മാസങ്ങളിലും സംസ്ഥാനത്തും, കോഴിക്കോട് ജില്ലയിലും കോവിഡ് കേസുകളുടെ എണ്ണം വർദ്ധിച്ചതിനാൽ ക്ലാസ്സുകൾ നടത്താൻ കഴിഞ്ഞിട്ടില്ല. ഡിസംബർ മാസം മുതലാണ് ക്ലാസ്സുകൾ ആരംഭിച്ചത്

2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ നടത്തിയ ക്ലാസ്സുകൾ

മാസം	**എണ്ണം**	**പങ്കെടുത്തവരുടെ എണ്ണം**
ഏപ്രിൽ	---	---
മെയ്	---	---
ജൂൺ	---	---
ജൂലൈ	---	---
ആഗസ്റ്റ്	---	---
സെപ്തംബർ	---	---
ഒക്ടോബർ	---	---
നവംബർ	---	---
ഡിസംബർ	01	21
ജനുവരി	---	---
ഫെബ്രുവരി	01	25
മാർച്ച്	06	28+36+21+28+25+23=161
ആകെ	**08**	**207**

17-3-2021 ന് നടന്ന ലീഗൽ ക്ലാസ്സ്

20-3-2021 ന് നടന്ന ലീഗൽ ക്ലാസ്സ്

ഷോർട്ട് സ്റ്റേ ഹോം

അന്വേഷിയിൽ അഭയം തേടി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുവരെ സംരക്ഷണം നല്കുകയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേ സഹായങ്ങൾ ചെയ്യുകയുമാണ് ഷോർട്ട് സ്റ്റേ ഹോം വഴി ചെയ്യുന്നത്. അവിടെ താമസിക്കുന്ന സന്ദർഭത്തിൽ അവർക്കാവശ്യമായ വൈദ്യസഹായം, നിയമസഹായം എന്നിവ ചെയ്തു വരുന്നു. അന്തേവാസികൾക്ക് മാനസികോല്ലാസം വർദ്ധിപ്പിക്കുന്നതി നായി പലവിധത്തിലുള്ള കരകൗശല വസ്തുക്കൾ, ആഭരണങ്ങൾ നിർമ്മിക്കുക, തയ്യൽ തുടങ്ങിയവയിൽ പരിശീലനം നല്കി വരുന്നു.

2020, ഏപ്രിൽ 1 മുതൽ 2021, മാർച്ച് 31 വരെയുള്ള കാലയളവിൽ ഷോർട്ട് സ്റ്റേ ഹോമിൽ എത്തിയ സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം.

കോളം - 1

മാസം	സ്ത്രീകൾ	കുട്ടികൾ	പുതിയ അഡ്മിഷൻ
ഏപ്രിൽ	2	1	--
മെയ്	2	1	--
ജൂൺ	2	1	--

ജൂലൈ	--	--	--
ആഗസ്റ്റ്	--	--	--
സെപ്തംബർ	--	--	--
ഒക്ടോബർ	2	--	2
നവംബർ	2	--	--
ഡിസംബർ	4	--	2
ജനുവരി	4	--	2
ഫെബ്രുവരി	8	2	6
മാർച്ച്	9	3	5
ആകെ	**35**	**8**	**17**

ഹെൽത്ത് പ്രോഗ്രാം

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യ പ്രശ്നമാണെന്ന് മനസ്സിലാക്കി അന്വേഷി മെഡിക്കൽ കോളേജ് ആശുപത്രി കേന്ദ്രീകരിച്ച് അന്വേഷി പ്രവർത്തിച്ചു വരുന്നു. വിവിധതരത്തിലുള്ള അതിക്രമത്തിനു വിധേയമായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തി ചേരുന്ന സ്ത്രീകൾക്ക് മാനസികവും സാമൂഹ്യവും, നിയമപരവുമായ പിന്തുണ നല്കുകയും ഇത്തരം പ്രതിസന്ധികൾ നേരിടാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

അസിസ്റ്റന്റ് കൗൺസിലർ, കോ-ഓർഡിനേറ്റർ എന്നിവർ ആഴ്ചയിൽ ര ുതവണ മെഡിക്കൽ കോളേജിലെ സർജറി വാർഡ്(പൊള്ളൽ വാർഡ്), ഇ.എൻ.ടി, സ്ത്രീരോഗ ചികിത്സാ വാർഡ് എന്നിവ സന്ദർശിച്ച് അതിക്രമങ്ങൾക്ക് വിധേയരായ സ്ത്രീകളെയും അവരുടെ ബന്ധുക്കളെയും കാണുന്നു.

കോവിഡ്- 19 മൂലം മെയ് 15 വരെ ലോക്ഡൗൺ ആയതിനാൽ ഓഫീസ് തുറന്നു പ്രവർത്തിച്ചിരുന്നില്ല. മെയ് 15 മുതൽ ഓഫീസ് പ്രവർത്തനം ഭാഗികമായി ആരംഭിച്ചെങ്കിലും സംസ്ഥാനത്തും, കോഴിക്കോട് ജില്ലയിലും കോവിഡ് കേസുകളുടെ വ്യാപനം കൂടുതലായതിനാലും മെഡിക്കൽ കോളേജ് സന്ദർശനം ഒന്നും തന്നെ ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ഒക്ടോബർ മാസം മുതൽ ഇ.എൻ.ടി, സർജറി പൊള്ളൽ, ഗൈനക്കോളജി തുടങ്ങിയ വാർഡുകളിലെ നഴ്സുമാരുമായി ഫോൺ വഴി ബന്ധപ്പെട്ട് അതിക്രമങ്ങൾ നേരിട്ടു

വരുന്ന സ്ത്രീകളുടെ വിശദവിവരങ്ങൾ ശേഖരിച്ച് ഫോൺ വഴി നല്കാവുന്ന സഹായങ്ങൾ നല്കി.

ഒക്ടോബർ മാസത്തിൽ 3 പൊള്ളൽ കേസുകൾ റിപ്പോർട്ട് ചെയ്തു. എല്ലാ കേസുകളും ആത്മഹത്യാശ്രമം തന്നെയാണെന്ന് ഡ്യൂട്ടി നഴ്സ് പറഞ്ഞു. നേരിട്ട് പോകാൻ കഴിയാത്തതുകൊ ് അവരുമായി സംസാരിക്കാൻ കഴിഞ്ഞില്ല.

നവംബർ മാസത്തിൽ 5 കേസുകൾ റിപ്പോർട്ട് ചെയ്തു. പൊള്ളൽ വാർഡിൽനിന്നും ഒരു കേസും, ഭർത്താവിനാൽ തലയ്ക്കടിയേറ്റ ഒരു സ്ത്രീ ഇ.എൻ.ടി വാർഡിലും ഉ ായിരുന്നു.

ഡിസംബർ, ജനുവരി മാസങ്ങളിൽ 9 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടു ്.

ഫെബ്രുവരി മാസത്തിൽ ഇ.എൻ.ടി വിഭാഗത്തിൽ നിന്നും തലയ്ക്കടിയേറ്റ സത്രീ, വാർഡ് നഴ്സ് മുഖാന്തിരം ഓഫീസിലേക്ക് വിളിച്ചു. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്തശേഷം ഓഫിസിലെത്തി. അവർക്ക് ഷോർട്ട് സ്റ്റേ ഹോമിൽ അഭയം നല്കി. എതിർകക്ഷിയും കുടുംബാംഗങ്ങളും കൂടി ഓഫീസിൽ വന്നു. അവരോട് കാര്യങ്ങൾ സംസാരിക്കുകയും, എതിർകക്ഷിയുടെ മദ്യപാനമാണ് പ്രശ്നമെന്നും അയാൾ മദ്യപാനം നിർത്താമെന്ന് സമ്മതിക്കുകയും ചെയ്തു. ജോയിന്റ് കൗൺസെലിങ്ങിലൂടെ പ്രശ്നങ്ങൾ പരിഹരിച്ച് ര ുപേരും ഒരുമിച്ചു ജീവിക്കുന്നു.

മാർച്ച് മാസത്തിൽ പൊള്ളൽ വാർഡിൽ നിന്ന് 5 ആത്മഹത്യാശ്രമവും, ഗൈനക്കോളജി വാർഡിൽ നിന്ന് വയറിനു ചനിട്ടു 3 മാസമായ ഗർഭം അലസിപോയ ഒരു കേസും റിപ്പോർട്ട് ചെയ്തു. ഈ കേസിലെ പ്രതിയെ പരാതിക്കാരിക്ക് കേസു കൊടുക്കാൻ താല്പര്യമില്ലാത്തതുകൊ ് ഫോൺ വഴി വിളിച്ചു സംസാരിച്ചു. അവർ ഒരുമിച്ച് പോയി ജീവിക്കുന്നു.

അഡോളസന്റ് പ്രോജക്ട്

പ്രൈമറി ഹെൽത്ത് സെന്ററുകൾ, അംഗനവാടി, ക്ലബ്ബുകൾ, സ്ക്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ചുകൊ ് അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ, കൗമാരക്കാരായ ആൺകുട്ടികൾ, ടീച്ചർമാർ എന്നിവർക്ക് ആരോഗ്യം, നിയമം, വ്യക്തിത്വവികസനം, കൗൺസലിങ്ങ്, ലിംഗപദവി തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, ക്യാമ്പുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

2020, ഏപ്രിൽ 1 മുതൽ 2021, മാർച്ച് 31 വരെയുള്ള കാലയളവിൽ താഴെ പറയുന്ന പ്രകാരം ക്ലാസ്സുകൾ നടത്തി.

മാസം	**എണ്ണം**	**പങ്കെടുത്തവരുടെ എണ്ണം**
ഏപ്രിൽ	--	--
മെയ്	--	--
ജൂൺ	--	--
ജൂലൈ	--	--
ആഗസ്റ്റ്	--	--
സെപ്തംബർ	--	--
ഒക്ടോബർ	--	--
നവംബർ	--	--
ഡിസംബർ	--	--
ജനുവരി	1	23
ഫെബ്രുവരി	--	--
മാർച്ച്	3	22+27+25 = 74
ആകെ	**4**	**97**

10-3-2021 ന് നടന്ന അഡോളസന്റ് ക്ലാസ്സ്

12-3-2021 ന് നടന്ന അഡോളസന്റ് ക്ലാസ്സ്

അതിക്രമരഹിത പഞ്ചായത്തുകൾ

അന്വേഷി കോഴിക്കോട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളെ അതിക്രമ രഹിത പഞ്ചായത്തുകൾ ആക്കുന്നതിന്റെ ഭാഗമായി ഓരോ പഞ്ചായത്തുകൾ സന്ദർശിച്ച് പഞ്ചായത്ത് മെമ്പർമാരെയും പ്രസിഡ ിനെയും ക ് ജാഗ്രതാ സമിതിയുടെ പ്രവർത്ത നങ്ങൾ സജീവമാക്കുകയും ചെയ്തുവരുന്നു. പഞ്ചായത്തുകളിലെ അംഗന വാടികൾ, പോലീസ് സ്റ്റേഷൻ, ഹെൽത്ത് സെന്ററുകൾ തുടങ്ങിയവയും സന്ദർശിച്ചു വരുന്നു.

ഓരോ വാർഡുകളിലെയും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കാൻ വാർഡ് മെമ്പർമാർക്ക് വേ സഹായങ്ങൾ ചെയ്യുന്നു. ഓരോ പഞ്ചായത്തുകളിൽനിന്നും, അന്വേഷി പരിശീലനം നല്കിയ 40 റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ അതാതു പ്രദേശങ്ങ ളിൽ പ്രവർത്തിച്ചുവരുന്നു. അതാതുപ്രദേശങ്ങളിൽ പരിഹരിക്കാൻ പറ്റാത്ത പ്രശ്നങ്ങൾ അന്വേഷിയിലെത്തിച്ച് പ്രശ്നം പരിഹരിക്കുന്നു.

ഏപ്രിൽ മാസത്തിൽ കോവിഡ് -19 വ്യാപനം മൂലം പഞ്ചായത്തുകൾ സന്ദർശിച്ചിട്ടില്ല.

മെയ് മാസത്തിൽ കോവിഡ് -19 വ്യാപനം മൂലം പഞ്ചായത്തുകൾ സന്ദർശിച്ചിട്ടില്ല.

ജൂൺ മാസത്തിൽ മാവൂർ, ഒളവണ്ണ, രാമനാട്ടുകര മുനിസിപാലിറ്റി തുടങ്ങിയ പഞ്ചായത്തുകളിൽ കോവിഡ് വ്യാപനം കൂടുതലായതിനാൽ പഞ്ചായത്ത് മെമ്പർ

മാരുമായി സംസാരിച്ചു. അവിടെ സ്ത്രീപ്രശ്നങ്ങൾ ഉ ങ്കിൽ അന്വേഷിയിലേക്ക് വിളിക്കാൻ നിർദ്ദേശിച്ചു.

ജൂലൈ മാസത്തിൽ എലത്തൂർ, ചേമഞ്ചേരി, പെരുവയൽ തുടങ്ങിയ പഞ്ചായത്തിലെ അംഗനവാടി ടീച്ചേഴ്സുമായി സംസാരിച്ചു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ നടക്കുന്നു ാ എന്നും അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്താൽ വിവരം അറിയിക്കാനും പറഞ്ഞു.

ആഗസ്റ്റ് മാസത്തിൽ കോഴിക്കോട് ഫറോക്ക്, പെരുമണ്ണ, ബാലുശ്ശേരി, നന്മ തുടങ്ങിയ പഞ്ചായത്തിലെ മെമ്പരർമാരുമായി സംസാരിച്ച് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ നടക്കുന്നു ാ, അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്താൽ വിവരം അറിയിക്കാനും പറഞ്ഞു.

സെപ്തംബർ മാസത്തിൽ രാമനാട്ടുകര മുൻസിപാലിറ്റിയിലെ കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മുൻസിപാലിറ്റിയിലും, ചെറുകാവ് പഞ്ചായത്തിലും നടത്തിയ അനൗൺസ്മെന്റ് പരിപാടിയിൽ 3 ദിവസം കോ-ഓർഡിനേറ്റർ പങ്കെടുത്തു.

ഒക്ടോബർ മാസം മുതൽ പഞ്ചായത്തുകൾ സന്ദർശിക്കാൻ തുടങ്ങി.

ഒക്ടോബർ നവംബർ മാസങ്ങളിൽ മാവൂർ, കുന്ദമംഗലം, പെരുവയൽ, പെരുമണ്ണ, ബാലുശ്ശേരി തുടങ്ങിയ പഞ്ചായത്തുകൾ സന്ദർശിച്ചു. പല പഞ്ചായത്തുകളിലും പുതിയ ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് ഉള്ളതിനാൽ സ്ത്രീകൾക്കെതിരെയുള്ള അതി ക്രമങ്ങൾ ചർച്ച ചെയ്യുന്നതിന് മെമ്പർമാർക്ക് താല്പര്യം കുറവായിരുന്നു. ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ എല്ലാം മന്ദഗതിയിലാണ്.

ഡിസംബർ മാസത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കുന്നതുകൊ ് വിസിറ്റ് ഒന്നും നടന്നില്ല.

ജനുവരി മാസത്തിൽ ചെറുവാടി, മാവൂർ, പെരുമണ്ണ, പെരുവയൽ, കുരുവട്ടൂർ എന്നീ 5 പഞ്ചായത്തുകൾ സന്ദർശിച്ചു. പുതിയ ഭരണ സമിത അംഗങ്ങളെ അന്വേഷിയുടെ അതിക്രമരഹിത പഞ്ചായത്ത് പദ്ധതിയെ പറ്റി ബോധവത്കരണം നടത്തുകയും ചർച്ച ചെയ്യുകയും ചെയ്തു.

ഫെബ്രുവരി മാസത്തിൽ ജാഗ്രതാ സമിതി സജീവമാക്കുന്നതിനുവേ ി ബാലുശ്ശേരി, പനങ്ങാട്, നന്മ , കാക്കൂർ പഞ്ചായത്തുകളിലെ 9 വാർഡുകളിൽ ക്ലാസ്സുകൾ നടത്തി.

മാർച്ച് മാസത്തിൽ സാമ്പത്തിക വർഷാവസാനമായതുകൊ ് പഞ്ചായത്ത് സന്ദർശനം നടന്നില്ല. ഫറോക്ക് മുനിസിപ്പാലിറ്റിയിലും, നന്മ പഞ്ചായത്തിലും, കാക്കൂർ പഞ്ചായ ത്തിലും നിയമ സാക്ഷരതാ ക്ലാസ്സുകൾ നടത്തി.

2021 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ നടത്തിയ പഞ്ചായത്തിലെ സന്ദർശനങ്ങൾ

മാസം	പഞ്ചായത്ത് സന്ദർശനം	മറ്റു സ്ഥാപനങ്ങൾ(പോലീസ് സ്റ്റേഷൻ, ഐ.സി.ഡി.എസ് ഓഫീസ്, കുടുംബശ്രീ ഓഫീസ്, ഹെൽത്ത് സെന്റർ)
ഏപ്രിൽ	--	9
മെയ്	--	--
ജൂൺ	--	--
ജൂലൈ	--	--
ആഗസ്റ്റ്	--	--
സെപ്തംബർ	--	--
ഒക്ടോബർ	3	6
നവംബർ	2	3
ഡിസംബർ	--	--
ജനുവരി	5	7
ഫെബ്രുവരി	4	6
മാർച്ച്	--	--
ആകെ	**14**	**22**

സെമിനാർ

ആരോഗ്യം, നിയമം, വ്യക്തിത്വവികസനം, കൗൺസലിങ്ങ്, ലിംഗപദവി, സ്ത്രീ സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ, പോക്സോ നിയമം, ആനുകാലിക പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നു. ഈ മേഖലകളിൽ പ്രഗത്ഭരായ വ്യക്തികളാണ് സെമിനാറിന് നേതൃത്വം കൊടുക്കുന്നത്. ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും റസിഡൻസ് അസോസിയേഷൻ അംഗങ്ങൾ, കുടുംബശ്രീ യൂണിറ്റ്, പഞ്ചായത്ത് മെമ്പർമാർ, ആരോഗ്യപ്രവർത്തകർ, ഐ.സി.ഡി.എസ് പ്രവർത്തകർ, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർക്കാണ് സെമിനാർ നടത്തുന്നത്. 70-150 വരെ ആളുകളെ പങ്കെടുപ്പിക്കുന്നു.

2021 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ 3 സെമിനാറുകളും 2 ബോധവൽക്കരണ ക്ലാസ്സുകളും നടത്തി.

1) 24-2-2021 ന് ഈങ്ങാപ്പുഴ LISSAH (Little Flower Institute of Social Sceinces And Health) ൽ വെച്ച് ലീഗൽ സെമിനാർ നടത്തി. കോളേജ് ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ.വിൻസി അബ്രഹാം സ്വാഗതമാശംസിച്ചു. കോളേജ് ഡയറക്ടർ റ.വ. ഫാദർ ജോസ് മേലാട്ടുകൊച്ചിയിൽ അദ്ധ്യക്ഷത വഹിച്ചു. അന്വേഷി പ്രസിഡ ് കെ. അജിത സെമിനാർ ഉദ്ഘാടനം ചെയ്തു. സ്റ്റെപ്സ് ഫാക്കൽറ്റി കോ-ഓർഡിനേറ്റർ മിസിസ്. ലിമിന ജോർജ്ജ് നന്ദിയും പറഞ്ഞു.

അന്വേഷി സെക്രട്ടറിയും കോ-ഓർഡിനേറ്ററുമായ പി.ശ്രീജ 'സ്ത്രീസാമൂഹ്യ സുരക്ഷ' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. ഹൈക്കോടതി വക്കീൽ കെ.കെ.പ്രീത 'Laws with women perspective' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. 82 എം.എസ്.ഡബ്ല്യൂ വിദ്യാർത്ഥികൾ സെമനാറിൽ പങ്കെടുത്തു.

2) 2021, ഫെബ്രുവരി 25 ന് കോഴിക്കോട് ഗവൺമെന്റ് നഴ്സിങ്ങ് കോളേജിൽ വെച്ച് മൂന്നാം വർഷ നഴ്സിങ്ങ് വിദ്യാർത്ഥികൾക്കു വേ ി സെമിനാർ നടത്തി. അന്വേഷി സെക്രട്ടറി പി.ശ്രീജ സ്വാഗതമാശംസിച്ചു. നഴ്സിങ്ങ് കോളേജ് പിൻസിപ്പൾ ശ്രീമതി. പൊന്നമ്മ അദ്ധ്യക്ഷയും, അന്വേഷി പ്രസിഡ ് കെ.അജിത ശിൽപശാല ഉദ്ഘാടനവും ചെയ്തു. നഴ്സിങ്ങ് കോളേജ് വൈസ് പ്രിൻസിപ്പിൾ പ്രൊഫസർ മേരി ജോസഫ്, ഡോക്ടർ അനീഷ്കുമാർ(അസിസ്റ്റന്റ് പ്രൊഫസർ) എന്നിവർ ആശംസയർപ്പിച്ചു. അഖിൽ. പി നന്ദിയും പറഞ്ഞു.

അഡ്വക്കറ്റ് കെ.കെ. പ്രീത(കേരള ഹൈക്കോർട്ട്) സ്തീപക്ഷ നിയമങ്ങളെക്കുറിച്ചു ക്ലാസ്സെടുത്തു. ഓയിസ്ക ഇന്റർനാഷണൽ ട്രെയിനർ ശ്രീ.ഹേമപാലൻ ഇഫക്ടീവ് കമ്മ്യൂണിക്കേഷൻ, വ്യക്തിത്വ വികസനം, നേതൃത്വ പരിശീലനം എന്ന വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

INDIAN NURSING
COUNCIL

3) 2021, മാർച്ച് 27 ന് കോഴിക്കോട് കാലിക്കറ്റ് ടവറിൽ വെച്ച് അംഗനവാടി വർക്കേഴ്സിന് വേ ി സെമിനാർ നടത്തി. അന്വേഷി സെക്രട്ടറി പി.ശ്രീജ സ്വാഗതമാശംസിച്ചു. അന്വേഷി പ്രസിഡ ് കെ.അജിത ശിൽപശാല ഉദ്ഘാടനം ചെയ്തു. സി.എസ് എലിസബത്ത് നന്ദിയും പറഞ്ഞു.

ഓയിസ്ക ഇന്റർനാഷണൽ ട്രെയിനർ ശ്രീ.ഹേമപാലൻ ഇഫക്ടീവ് കമ്മ്യൂണിക്കേഷൻ, വ്യക്തിത്വ വികസനം, നേതൃത്വ പരിശീലനം എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. അഡ്വ ക്കറ്റ് കെ.കെ. പ്രീത(കേരള ഹൈക്കോർട്ട്) സ്തീപക്ഷ നിയമങ്ങളെക്കുറിച്ചും ക്ലാസ്സെടു ത്തു. 99 പേർ സെമിനാറിൽ പങ്കെടുത്തു.

ബോധവൽക്കരണ പരിപാടി

1) 2021 മാർച്ച് 8 അന്താരാഷ്ട്ര സ്ത്രീദിനത്തിൽ അന്വേഷി ഓഫീസ് ഹാളിൽ വെച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി. അന്വേഷി സെക്രട്ടറി പി.ശ്രീജ സ്വാഗതമാശംസിച്ചു. അന്വേഷി പ്രസിഡ ് കെ.അജിത അദ്ധ്യക്ഷത വഹിച്ചു. 'സമകാലിക പ്രശ്നങ്ങൾ' എന്ന വിഷയത്തിൽ ഡോ.ജാൻസി ജോസ് ക്ലാസ്സെടുത്തു. 26 പേർ ബോധവൽക്കരണ ക്ലാസ്സിൽ പങ്കെടുത്തു.

2) 15-3-2021 ന് കോഴിക്കോട് കോർപ്പറേഷൻ 65-ാം ഡിവിഷനിലെ ജാഗ്രതാ സമിതി രൂപീകരണത്തോടനുബന്ധിച്ച് ബോധവത്കരണ ക്ലാസ്സ് നടത്തി. ശ്യാമള.പി (സെക്രട്ടറി നക്ഷത്ര റസിഡൻസ് അസോസിയേഷൻ) സ്വാഗതമാശംസിച്ചു. സുനീതി (സെക്രട്ടറി, കിളിയനാട് റസിഡൻസ് അസോസിയേഷൻ) അധ്യക്ഷത വഹിച്ചു. അൽഫോൻസാ മാത്യു (വാർഡ് മെമ്പർ-65) ഉദാഘാടനം നിർവഹിച്ചു. ഡോ. ആതിര (വി.എച്ച്.സി. വെള്ളയിൽ), സിതാര (പ്രസിഡ ്, നക്ഷത്ര റസിഡൻസ് അസോസിയേഷൻ) എന്നി വർ ആശംസകളർപ്പിച്ചു. അന്വേഷി സെക്രട്ടറി പി.ശ്രീജ നന്ദിയും പറഞ്ഞു.

ജാഗ്രതാ സമിതിയെക്കുറിച്ചും, സ്ത്രീ സാമൂഹ്യസുരക്ഷാ നിയമങ്ങളെക്കുറിച്ചും അഡ്വ. സി.കെ.സീനത്ത് ക്ലാസ്സെടുത്തു. 59 റസിഡൻസ് അസോസിയേഷൻ അംഗങ്ങളായ 59 പേർ പങ്കെടുത്തു.

ശിൽപശാല

ആരോഗ്യം, നിയമം, വ്യക്തിത്വവികസനം, കൗൺസെലിങ്ങ്, ലിംഗപദവി, സ്ത്രീ സാമൂഹ്യ സുരക്ഷാസംവിധാനങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ശിൽപശാല സംഘടിപ്പിച്ചുവരുന്നു. ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ, പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയ ഗ്രൂപ്പുകൾക്ക് ര ാ മൂന്നോ ദിവസങ്ങൾ നീ ുനിൽക്കുന്ന റസിഡൻഷ്യൽ പരിപാടികളായിട്ടാണ് ശില്പശാല നടത്തുന്നത്. 35 മുതൽ 50 പേർ വരെ പങ്കെടുപ്പിക്കും. ഈ മേഖലകളിൽ പ്രഗത്ഭരായ വ്യക്തികളാണ് ശില്പശാലക്ക് നേതൃത്വം കൊടുക്കുന്നത്.

1) 2021 മാർച്ച് 19, 20 തിയ്യതികളിൽ കോഴിക്കോട് പോലീസ് ക്ലബ്ബ് ഓഡിറ്റോറിയത്തിൽ വെച്ച് കോഴിക്കോട് ജില്ലയിലെ സ്കൂൾ കൗൺസിലേഴ്സിനു വേ ി ദ്വിദിന ശില്പശാല നടത്തി. 36 സ്കൂൾ കൗൺസിലേഴ്സ് പങ്കെടുത്തു. അന്വേഷി സെക്രട്ടറി പി.ശ്രീജ സ്വാഗതമാശംസിച്ചു. അന്വേഷി പ്രസിഡ ് കെ.അജിത അദ്ധ്യക്ഷയും, കോഴിക്കോട് വനിതാ ശിശു വികസന വകുപ്പ് ജില്ലാ ഓഫീസർ ശ്രീ.അബ്ദുൾ ബാരി ഉദ്ഘാടനവും നിർവ്വഹിച്ചു. സി.എസ്. എലിസബത്ത് നന്ദി പറഞ്ഞു.

19-ാം തിയ്യതി രാവിലെ സെഷനിൽ കോഴിക്കോട് ജില്ലയിലെ ഓയിസ്കാ ട്രെയിനർ ശ്രീ. ഹേമപാലൻ 'Counselling with confidence' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു.

ഉച്ചയ്ക്കുശേഷം ഡോ. ജാൻസി ജോസ് 'ലിംഗപദവി കാഴ്ചപ്പാട്' എന്ന വിഷയത്തിലും ക്ലാസ്സെടുത്തു.

20-ാം തിയ്യതി 10 മണിക്ക് കോഴിക്കോട് എംഹാറ്റിലെ സൈക്കോളജിസ്റ്റ് ഡോ.രേഖ 'Helping children and adolescents through school based intervention' എന്ന വിഷയത്തിൽ ക്ലാസ്സും സംവാദവും നടത്തി. ഉച്ചക്കുശേഷം ശ്രീജ ''സ്ത്രീ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച്' ക്ലാസ്സെടുത്തു.

2) 2021 മാർച്ച് 29, 30 തിയ്യതികളിൽ കോഴിക്കോട് പോലീസ് ക്ലബ്ബ് ഓഡിറ്റോറിയത്തിൽ വെച്ച് കോഴിക്കോട് ജില്ലയിലെ സ്കൂൾ കൗൺസിലേഴ്സിനു വേ ി ദ്വിദിന ശില്പശാല നടത്തി. 38 സ്കൂൾ കൗൺസിലേഴ്സ് പങ്കെടുത്തു. അന്വേഷി സെക്രട്ടറി പി.ശ്രീജ സ്വാഗതമാശംസിച്ചു. അന്വേഷി പ്രസിഡ ് കെ.അജിത അദ്ധ്യക്ഷയും, കോഴിക്കോട് വനിതാ ശിശു വികസന വകുപ്പ് ജില്ലാ ഓഫീസർ ശ്രീ.അബ്ദുൾ ബാരി ഉദ്ഘാടനവും നിർവ്വഹിച്ചു. സി.എസ്. എലിസബത്ത് നന്ദി പറഞ്ഞു.

29-ാം തിയ്യതി രാവിലെ സെഷനിൽ ഡോ. ജാൻസി ജോസ് 'ലിംഗപദവി കാഴ്ചപ്പാട്' എന്ന വിഷയത്തിിറപ ക്ലാസ്സെടുത്തു. ഉച്ചയ്ക്കുശേഷം കോഴിക്കോട് ജില്ലയിലെ ഓയിസ്കാ ട്രെയിനർ ശ്രീ. ഹേമപാലൻ 'Counselling with confidence' എന്ന വിഷയത്തിലും ക്ലാസ്സെടുത്തു.

30-ാം തിയ്യതി 10 മണിക്ക് കോഴിക്കോട് എംഹാറ്റിലെ സൈക്കോളജിസ്റ്റ് ഡോ.രേഖ 'Helping children and adolescents through school based intervention' എന്ന വിഷയത്തിൽ ക്ലാസ്സും സംവാദവും നടത്തി. ഉച്ചക്കുശേഷം അഡ്വ.സി.കെ. സീനത്ത് 'POCSO Act' എന്ന വിഷയത്തിലും ക്ലാസ്സെടുത്തു.

നിർഭയ ഹോം

സംസ്ഥാന സാമൂഹ്യനീതി വകുപ്പിനു കീഴിൽ 18 വയസ്സിനു താഴെയുള്ള ലൈംഗിക പീഡനത്തിനിരയാകുന്ന പെൺകുട്ടികളെ സംരക്ഷിക്കുന്നതിനു വേ ിയുള്ള നിർഭയ ഹോമിന്റെ നടത്തിപ്പ് 2014 ജൂൺ മുതൽ സർക്കാർ അന്വേഷിയെ ഏൽപ്പിച്ചു. ഇപ്പോൾ അവിടെ 24 പെൺകുട്ടികൾ സംരക്ഷണത്തിലു ്.

ഇന്റേൺഷിപ്പ്

കേരളത്തിലെ യൂണിവേഴ്സിറ്റി, ലോ കോളേജ്, പ്രൊഫഷണൽ കേളേജ്, കോളേജുകൾ, ഐ.എം.എ കൂടാതെ മദ്രാസ്സ്, ബോംബെ ഡൽഹി, ഐ.ഐ.ടി ഹൈദരബാദ്, ആസ്ട്രിയ(യൂണിവേഴ്സിറ്റി ഓഫ് അപ്ലയ്ഡ് സയൻസസ്), എ. ഡബ്ല്യൂ.എച്ച്, ഡി.എസ്.എൻ.എൽ യൂണിവേഴ്സിററി വിശാഖപട്ടണം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല തിരൂർ, സെൻട്രൽ യൂണിവേഴ്സിറ്റി കാസർഗോഡ് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും വിദ്യാർത്ഥിനികൾ അന്വേഷിയിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനായി വരാറു ്. ഈ കാലയളവിൽ 4 വിദ്യാർത്ഥിനികൾ അന്വേഷിയിലെത്തി ഇന്റേൺഷിപ്പ് പൂർത്തിയാക്കി.

വിമെൻസ് ലൈബ്രറി & റീഡിങ്ങ് റൂം

സ്ത്രീകൾക്കും പെൺകുട്ടികൾക്കും മാത്രം അംഗത്വമുള്ളതാണ് അന്വേഷി ലൈബ്രറി. സ്റ്റേറ്റ് ലൈബ്രറി കൗൺസലിന്റെ അഫിലിയേഷനുള്ള ഈ ലൈബ്രറിക്ക് 'B' grade' പദവിയു ്. ലൈബ്രറി കൗൺസിലിന്റെ ഗ്രാന്റും ലൈബ്രേറിയൻ അലവൻസും ലഭിക്കുന്നു ്. ഇപ്പോൾ 12,067 പുസ്തകങ്ങൾ ഉ ്. 7 ദിനപത്രങ്ങളടക്കം 28 ലധികം ആനുകാലികങ്ങൾ വരുന്നു ്. 340 മെമ്പർമാർ ഉ ്.

മാഗസിൻ

2010 ഡിസംബർ മുതൽ അന്വേഷി സംഘടിത എന്ന സ്ത്രീപക്ഷ മാസിക പുറത്തിറക്കി വരുന്നു. വളരെ നല്ല പ്രതികരണമാണ് ഈ മാസികക്ക് ലഭിച്ചുകൊ ിരിക്കുന്നത്. അക്കാ ഡമിക് തലത്തിൽ ഗവേഷകർക്കും വിദ്യാർത്ഥികൾക്കും വളരെ സഹായകരമായി വർത്തി ക്കുന്നു. സംഘടിത മാഗസിൻ ഏപ്രിൽ ലക്കം ആഗസ്റ്റിൽ ഓൺലൈൻ വഴി ഇറക്കി. ഓൺലൈൻ പതിപ്പിന്റെ ഉദ്ഘാടനം ഒക്ടോബർ 2 ന് ഉർവശ്ശി ഭൂട്ടാലിയ നിർവ്വഹിച്ചു. എല്ലാ മാസവും ഓൺലൈനായി മാസിക പബ്ലിഷ് ചെയ്തുവരുന്നു.

****